(ബി) ഈ മുന്നറിയിപ്പ് കണക്കിലെടുത്ത് സർക്കാർ എന്തെങ്കിലും മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

കടൽഭിത്തി നിർമ്മിക്കാൻ നടപടി

92 [97] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തെ തുടർന്ന് കരുതൽ നടപടി എന്ന നിലയിൽ കടൽഭിത്തി നിർമ്മിക്കുന്നതിന്റെ ഭാഗമായി ആലപ്പുഴ ജില്ലയിൽ ഏതെല്ലാം ഭാഗങ്ങളിലാണ് കടൽഭിത്തി നിർമ്മിക്കുന്നത്;

(ബി) അമ്പലപ്പുഴ മണ്ഡലത്തിൽ പതിവായി കടലാക്രമണം ഉണ്ടാകുന്ന നീർക്കുന്നത്തും, തോട്ടപ്പള്ളിയിലും കടൽഭിത്തി നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചേർത്തല താലൂക്കിൽ അന്ധകാരനഴി, ഒറ്റമശ്ശേരി, ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ജില്ലാ ആശുപത്രിക്ക് പടിഞ്ഞാറുവശം കാർത്തികപ്പള്ളി താലൂക്കിൽ തറയിൽക്കടവ് എന്നീ പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

സുനാമി ദുരിതാശ്വാസ ഫണ്ട്

93 [98] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിതാശ്വാസ നിധിയിൽ സ്വരൂപിച്ച തുകയുടെ ഒരു നിശ്ചിത ശതമാനം തീരപ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ മാറ്റി വയ്ക്കാൻ ഗവൺമെന്റ് തയ്യാറാകുമോ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly